## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5478** **28.07.2015 ൽ മറുപടിയ്ക്ക്**

## നാളികേരത്തിന്റെ വില ഇടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നാളികേരത്തിന്റെ വിലയിടിവ് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; | (എ) | 2015 ജൂൺ രണ്ടാം വാരം മുതൽ പച്ച നാളികേരത്തിന്റെ വിലയിൽ കുറവ് വന്നിട്ടുണ്ടെങ്കിലും ജൂലൈ മൂന്നാംവാരം മുതൽ വില ഉയർന്നിട്ടുള്ളതായി കാണുന്നു. |
| (ബി) | പച്ചത്തേങ്ങ സംഭരണത്തിൽ പാളിച്ചകൾ ഉണ്ടോ ; നാളികേരത്തിന്റെ വിലയിടിവിന് ഇത് എത്രത്തോളം ബാധിച്ചിട്ടുണ്ട്; | (ബി) & (സി) | നാളികേര കർഷകരെ വിലയിടിവിൽ നിന്നും സംരക്ഷിക്കുന്നതിന് 01.01.2013 മുതൽ കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം കൃഷിഭവനുകൾ മുഖേന കർഷകരിൽ നിന്നും നേരിട്ട് പച്ചനാളികേരം സംഭരിച്ചു വരുന്നു. സംസ്ഥാനത്തെ 10 ജില്ലകളിലെ തെരഞ്ഞെടുത്ത 362 കൃഷിഭവനുകൾ വഴി നടപ്പിലാക്കുന്ന സംഭരണ പദ്ധതി പ്രകാരം 5,51,000 ക്വിന്റൽ നാളികേരം സംഭരിച്ചതായി കേരഫെഡ് അറിയിച്ചിട്ടുണ്ട്. യാതൊരു പരാതികൾക്കും ഇടകൊടുക്കാതെ കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് പണം നൽകുന്നത്. കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഒരു കിലോഗ്രാം നാളികേരത്തിന് 25 രൂപയാണ് നിലവിലെ സംഭരണവില. ഇപ്പോഴത്തെ വിപണിവില കിലോഗ്രാമിന് 16 രൂപ മുതൽ 18 രൂപ വരെയാണ്. കൃഷിഭവനുകൾ മുഖേന സംഭരിക്കുന്ന നാളികേരം കേരഫെഡ് സംസ്കരിച്ച് കൊപ്രയാക്കി മാറ്റി വെളിച്ചെണ്ണ ഉൽപ്പാദനത്തിനായി ഉപയോഗിക്കുന്നു. നാളികേര കർഷകർക്ക് ആശ്വാസമായി നടപ്പിലാക്കി വരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതി ഊർജ്ജിതപ്പെടുത്തുന്നതിനും പദ്ധതി ഒരു സ്ഥിരം സംവിധാനമാക്കി മാറ്റുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 24.04.2015 ലെ സ.ഉ (എം.എസ്) നം.70/2015/കൃഷി പ്രകാരം അനുമതി നൽകുകയും പ്രവർത്തനങ്ങൾ തുടർന്നു വരികയും ചെയ്യുന്നു. |
| (സി) | എങ്കിൽ പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമാക്കി കർഷകർക്ക് ന്യായ വില ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**